പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5981 — 07.07.2014 ലെ മറുപടിയ്ക്ക്

## കർഷക കടാശ്വാസ കമ്മീഷൻ

ചോദ്യം

ശ്രീ. കെ. വി. വിജയദാസ്

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക കടാശ്വാസ കമ്മീഷൻ മുഖേന എത്ര കോടി രൂപയുടെ ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്തതനുസരിച്ച് 60.25 കോടി രൂപ കടാശ്വാസമായി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | തുക (കോടിയിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 15.16 |
| 2 | കൊല്ലം | 1.56 |
| 3 | പത്തനംതിട്ട | 1.13 |
| 4 | ആലപ്പുഴ | 0.48 |
| 5 | കോട്ടയം | 1.04 |
| 6 | ഇടുക്കി | 11.77 |
| 7 | എറണാകുളം | 0.28 |
| 8 | തൃശ്ശൂർ | 0.91 |
| 9 | പാലക്കാട് | 3.69 |
| 10 | മലപ്പുറം | 2.00 |
| 11 | കോഴിക്കോട് | 5.83 |
| 12 | വയനാട് | 10.16 |
| 13 | കണ്ണൂർ | 3.55 |
| 14 | കാസർഗോഡ് | 2.69 |
| | ആകെ | 60.25 |

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ എത്ര മാത്രം തുക വകയിരുത്തിയിട്ടുണ്ട്; ആയതിന്റെ കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ കടാശ്വാസ വിതരണത്തിനായി 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കർഷകരുടെ വ്യക്തിഗത അപേക്ഷകളിൽ ശിപാർശ ചെയ്തതനുസരിച്ച് കടാശ്വാസം അനുവദിക്കുന്നതിനായി കമ്മീഷനിൽ

നിന്ന് സർക്കാരിലേക്ക് ലഭിച്ചിട്ടുള്ള പ്രൊപ്പോസലുകൾ പ്രകാരം ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് / ബാങ്കുകൾക്ക് വിതരണം ചെയ്യുന്നതിന് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ